# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1354** **30.01.2018** -ലെ മറുപടിയ്ക്ക്

**ഉന്നതവിദ്യാഭ്യാസ രംഗത്ത് ഇ-ഗവേണൻസ് പദ്ധതി**

ചോദ്യം
ശ്രീ. പാറക്കൽ അബ്ദുല്ല :

ഉത്തരം
പ്രൊഫ. സി രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും കോളേജുകൾ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നിവയുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | ഉണ്ട്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്, കേരള സർവ്വകലാശാല, എം.ജി. സർവ്വകലാശാല, കുസാറ്റ്, കണ്ണൂർ സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല എന്നിവയെ ബന്ധിപ്പിച്ച് ഇ-ഗവേണൻസ് പദ്ധതിയ്ക്ക് **2013** ൽ തുടക്കം കുറിച്ചെങ്കിലും ടെൻഡർ എടുത്ത സ്ഥാപനം കാര്യക്ഷമമായി പ്രവർത്തിക്കാതെ വന്നതിനാൽ **30.10.2017** ലെ ജി.ഒ.(എം.എസ്) നം.**277/2017**/ഉ.വി.വ. ഉത്തരവ് പ്രകാരം ടി സ്ഥാപനത്തെ പ്രോജക്ടിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് **21.11.2017** ലെ ജി.ഒ.(സാധാ) **2107/2017**/ഉവിവ പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ഒരു സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതിനായി ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുമോ; എങ്കിൽ പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടത്തിന് ഏത് സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; | (ബി) | പദ്ധതി നടപ്പാക്കാൻ തീരുമാനം എടുത്തിട്ടുണ്ട്. കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) | ഉന്നതവിദ്യാഭ്യാസ രംഗത്തെ വിദ്യാർത്ഥി പ്രവേശനം, പരീക്ഷ നടത്തിപ്പ്, ഫലപ്രഖ്യാപനം | (സി) & (ഡി) | ടി സമിതിയുടെ ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | തുടങ്ങിയവ ഏകീകൃത സ്വഭാവത്തിലേക്ക് കൊണ്ടു വരുന്ന കാര്യം പദ്ധതി മുഖേന ലക്ഷ്യമിടുന്നുണ്ടോ; | | |
| (ഡി) | മറ്റെന്തെല്ലാം പരിഷ്കരണങ്ങളാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ നൽകുമോ? | | |

സെക്ഷൻ ഓഫീസർ